# ECHO OF HIS CALL

MALAYALAM

## വിളിയുടെ പ്രതിധ്വനി

*India's National Spiritual Newspaper*

₹ 10/-

ECHO OF HIS CALL 1969-2019 GOLDEN JUBILEE

REACHING NATIONS

Published monthly in ENGLISH, TAMIL, MALAYALAM, TELUGU, HINDI, KANNADA, MARATHI, BENGALI, GUJARATI, ODIYA, ASSAMESE, PUNJABI, NEPALI, URDU, SINHALA & AFRIKAN

Editor : S. SAM SELVA RAJ | 16 Languages | Associate Editor : Ev. BENJAMIN MOSES

Vol. XXX | NOVEMBER 2023 | No. 01


## വിശുദ്ധ വേദപുസ്തകം

**ദയവായി ഈ ഭാഗം മനഃപാഠമാക്കുക**

**സങ്കീർത്തനങ്ങൾ 138:1 – 8**

01. ഞാൻ പൂർണ്ണഹൃദയത്തോടെ നിനക്കു സ്തോത്രം ചെയ്യും; ദേവന്മാരുടെ മുമ്പാകെ ഞാൻ നിന്നെ കീർത്തിക്കും.

02. ഞാൻ നിന്റെ വിശുദ്ധമന്ദിരത്തെ നോക്കി നമസ്കരിച്ചു, നിന്റെ ദയയും വിശ്വസ്തതയും നിമിത്തം തിരുനാമത്തിന്നു സ്തോത്രം ചെയ്യും, നിന്റെ നാമത്തിന്നുമീതെ ഒക്കെയും നീ നിന്റെ വാഗ്ദാനം മഹിമപ്പെടുത്തിയിരിക്കുന്നു.

03. ഞാൻ വിളിച്ചപേക്ഷിച്ച നാളിൽ നീ എനിക്കുത്തരം അരുളി; എന്റെ ഉള്ളിൽ ബലം നൽകി എന്നെ ധൈര്യപ്പെടുത്തിയിരിക്കുന്നു.

04. യഹോവേ, ഭൂമിയിലെ സകല രാജാക്കന്മാരും നിന്റെ വായിൻ വചനങ്ങളെ കേട്ടിട്ടു നിനക്കു സ്തോത്രം ചെയ്യും.

05. അതേ, അവർ യഹോവയുടെ വഴികളെക്കുറിച്ചു പാടും; യഹോവയുടെ മഹത്വം വലിയതാകുന്നുവല്ലോ.

06. യഹോവ ഉന്നതനെങ്കിലും താഴ്മയുള്ളവനെ കടാക്ഷിക്കുന്നു; ഗർവ്വിയെയോ അവൻ ദൂരത്തുനിന്നു അറിയുന്നു.

07. ഞാൻ കഷ്ടതയുടെ നടുവിൽ നടന്നാലും നീ എന്നെ ജീവിപ്പിക്കും; എന്റെ ശത്രുക്കളുടെ ക്രോധത്തിന്നു നേരെ നീ കൈനീട്ടും; നിന്റെ വലങ്കൈ എന്നെ രക്ഷിക്കും.

08. യഹോവ എനിക്കുവേണ്ടി സമാപ്തി വരുത്തും; യഹോവേ നിന്റെ ദയ എന്നേക്കുമുള്ളതു; തൃക്കൈകളുടെ പ്രവൃത്തിയെ ഉപേക്ഷിക്കരുതേ.

## നിങ്ങളുടെ യുദ്ധം തിരഞ്ഞെടുക്കുവിൻ

*RECOGNIZE YOUR BATTLE FIELD!*

**റവ. ഏഞ്ചലിൻ സെൽവകുമാരി**



ഈ അടുത്ത കാലത്ത് കണ്ടിട്ട് വളരെ നാളുകളായ ഒരു സുഹൃത്തിനെ കാണാനായിട്ട് ഞാൻ കുടുംബമായി പോയി. ഈ സന്ദർശനത്തെക്കുറിച്ച് ഞാൻ ആവേശഭരിതയായിരുന്നു. പുതിയ റോഡുകളും വഴി തിരിച്ചു വിടലുമൊക്കെ ആയതിനാൽ വഴി തെറ്റാതിരിക്കാൻ ഞാൻ ഗൂഗിൾ മാപ്പിനെ ആശ്രയിക്കാൻ തീരുമാനിച്ചു. അതിശയമെന്നു പറയട്ടെ, ഞാൻ വഴി തെറ്റിപ്പോയി. ഗൂഗിൾ മാപ്പിനോടുള്ള എല്ലാ ആദരവോടും തന്നെ പറയട്ടെ, എളുപ്പമുള്ള വഴി കാണിച്ച് മൊത്തമായി കറങ്ങുന്ന അവസ്ഥയായി. നേരം താമസിക്കുന്നതിനാൽ എനിക്ക് ക്ഷമ നശിക്കാൻ തുടങ്ങി.

ഇതേപോലുള്ള അവസ്ഥ നിങ്ങളിൽ പലർക്കും ഉണ്ടായിട്ടുണ്ടായിരിക്കാം. ഒരു ട്രാഫിക്ക് സിഗ്നലിൽ മുന്നോട്ടു പോകണോ ഗൂഗിൾ കാണിക്കുന്ന വഴിയിലൂടെ തിരിഞ്ഞുപോകണോ എന്ന് അറിയാതെയിരുന്നപ്പോൾ ഗൂഗിൾ കാണിച്ച വഴി വീതി കുറഞ്ഞതായി കണ്ടു. ഇത്ര ഇടുങ്ങിയ വഴിയിലൂടെ വണ്ടി ഓടിക്കാൻ പറ്റുമോ എന്ന് ഉറപ്പില്ലായിരുന്നു. എന്റെ ആശയക്കുഴപ്പം പരിഹരിക്കാൻ മുന്നിലുണ്ടായിരുന്ന ബൈക്ക് യാത്രക്കാരനോടു ചോദിക്കാൻ തീരുമാനിച്ചു. ചോദിച്ചപ്പോൾ അയാൾ ആ വഴിക്കാണെന്നും വഴി കാണിച്ചു തരാമെന്നും അയാളെ പിന്തുടരാനും പറഞ്ഞു. അത് വലിയ ആശ്വാസമായിരുന്നു. ഞാൻ ബൈക്ക് യാത്രക്കാരനെ പിന്തുടർന്നപ്പോഴും എന്റെ നാവിഗേഷൻ സിസ്റ്റം മറ്റൊരു വഴി പോകാർ നിർദ്ദേശം നൽകിക്കൊണ്ടേയിരുന്നു. ഞാൻ പിന്തുടരുന്ന വ്യക്തിയിൽ എനിക്ക് പൂർണ്ണ വിശ്വാസം

*3-ാം പേജിൽ തുടരും...*




**വിളിയുടെ പ്രതിധ്വനി**

*യു ട്യൂബ് ക്രിസ്തീയ ചാനൽ!*

**പാസ്റ്റർ സാം സെൽവരാജുമൊത്ത് പ്രാർത്ഥിക്കാൻ അവസരം!**

**5 മിനിട്ട് ദൈർഘ്യമുള്ള സന്ദേശം, പ്രാർത്ഥന!!**

**ഇംഗ്ലീഷ്, ഹിന്ദി, തമിഴ്, തെലുങ്ക്**

**എല്ലാ ദിവസവും 5.00 am**

**തമിഴ് ഞായർ ആരാധന– 8.30 am**

# ECHO OF HIS CALL - (1969-2019 GOLDEN JUBILEE YEAR)



## *from your dearly beloved brother...*



### ഞങ്ങളുടെ നിയോഗം

പ്രാചീന അപ്പൊസ്തലരുടെ ഉപദേശങ്ങൾ ആനുകാലിക തലമുറയ്ക്കു മായമില്ലാതെ വ്യാഖ്യാനം ചെയ്ത് പഠിപ്പിക്കുക എന്നതാണ് ഞങ്ങളുടെ ധർമ്മം. അതാണ് ഈ നിമിഷത്തിന്റെ ആവശ്യവും.


**HON. EDITOR-IN-CHIEF**

Rev. Angeline S. Kumari, M.A., M.Sc., M.Ed.

**MANAGING EDITOR**

Pastor Alex Samson Sam, B.Th., M.Div.

**GENERAL MANAGER**

Bro. N. Prakasam, M.A., M.Sc.(C&P), PGDHRM, MBA.

**ADMINISTRATION**

Sis. Jesy Veena Sam
Bro. K. Puratchivendan, M.Com., C.A., B.L.
Dr. P.E.R. Premchand, M.Sc., M.A., M.Ed., Ph.D.
Dr. C.G.S. Baburao, B.Tech., M.Tech. (DM), Ph.D.
Dr. Rabinder Boaz, M.S. (CMC)

**EDITORIAL BOARD**

Sis. Serena Bevin, M.A., M.Phil., B.Ed.
Sis. Sajini Cherian
Sis. L. Mariya Anjalin, M.A., M.Sc., B.Ed.
Rev. Dr. K.R. Rajasekaran



**EDITOR, PUBLISHER & PRINTER**

Pastor S. SAM SELVA RAJ
Echo of His Call Printers
10, Mohammed Abdullah 2nd Street,
Chepauk, Chennai- 600 005, India.
Phone : (+ 91- 44) 2852 8282, 2852 9293, 2854 7766
Cell : (+91) 98410 71852, 98412 71858
95661 31858

**E.MAIL ID**

sam@echoofhiscall.org
biblecor@yahoo.co.in

**WEBSITES**

www.echoofhiscall.org
www.stpaulsmatriculation.com

**YOUTUBE CHANNEL**

Echo of His Call


## നിങ്ങൾക്കു കരുണയും സമാധാനവും സ്നേഹവും വർദ്ധിക്കുമാറാകട്ടെ – യൂദാ 1:2

കർത്താവിൽ പ്രിയപ്പെട്ട സഹോദരീ സഹോദരന്മാരേ,

നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ കൃപ നിങ്ങളോടൊപ്പം ഉണ്ടായിരിക്കട്ടെ. നിങ്ങൾ നന്നായിരിക്കുന്നു എന്നു ഞങ്ങൾ വിശ്വസിക്കുന്നു. നിങ്ങളുടെ ആവശ്യങ്ങൾക്കായി ഞങ്ങൾ തുടർന്നും പ്രാർത്ഥിക്കുന്നതാണ്. വിളിയുടെ പ്രതിധ്വനിയുടെ ശുശ്രൂഷകളുടെ ദൈവീക കരുതലുകൾക്കായി ഞങ്ങൾ നന്ദിയുള്ളവരാണ്. ഇംഗ്ലീഷ് അസ്സോസിയേറ്റ് എഡിറ്ററായി സിസ്റ്റർ സജിനി ചെറിയാനെയും ആഫ്രിക്കൻസ് അസ്സോസിയേറ്റ് എഡിറ്ററായി ബ്രദ. വില്ലെം ജേക്കബ്സ് പ്രിറ്റോറിയസിനെയും നമുക്ക് നൽകിയതിനായി ദൈവത്തിനു നന്ദി കരേറ്റുന്നു. ഇവരെയും മറ്റു 14 അസ്സോസിയേറ്റ് എഡിറ്റർമാരെയും അവരുടെ സഹായികളെയും നിങ്ങൾ പ്രാർത്ഥനയിൽ ഓർക്കുവിൻ.



*സിസ്റ്റർ. സജിനി ചെറിയാൻ*



*ബ്രദ. വില്ലെം ജേക്കബ്സ് പ്രിറ്റോറിയസ്*

വിളിയുടെ പ്രതിധ്വനിയുടെ എല്ലാ ശുശ്രൂഷകളുടെ എല്ലാ പ്രവർത്തനങ്ങൾക്കും നല്ല പ്രതികരണമാണ് ലഭിച്ചുകൊണ്ടിരിക്കുന്നത്. ലോകമെമ്പാടുമുള്ള ജനങ്ങളെ ദൈവം സ്പർശിക്കുന്നു. കർത്താവായ ദൈവം തന്റെ രാജ്യം കെട്ടിപ്പടുക്കുന്നതിന് ഞങ്ങളെയും ഉപയോഗിക്കുന്നതിൽ ഞങ്ങൾ നന്ദിയുള്ളവരാണ്.

ഇതിനോടകം ഞങ്ങൾ എഴുതിയതുപോലെ വിവിധ തരത്തിലുള്ള ആത്മീക യുദ്ധത്തിലൂടെ ഞങ്ങൾ കടന്നുപോകുന്നു. അതിനാൽ ഞങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കുവാൻ നിങ്ങളോട് അപേക്ഷിക്കുന്നു. അനുകൂലമല്ലാത്ത ആത്മീക സാഹചര്യങ്ങളുടെ മദ്ധ്യേയും നിങ്ങളുടെ ക്ഷേമത്തിനായി പ്രാർത്ഥിക്കുന്നത് ഞങ്ങൾ തുടരുന്നു. ലോക വ്യവസ്ഥിതി അനുദിനം മാറിക്കൊണ്ടിരിക്കുന്നതിനാൽ, ലോകമെമ്പാടുമുള്ള ദൈവത്തിന്റെ ദാസന്മാർ എന്ന നിലയിൽ നമുക്ക് സർവ്വശക്തനായ ദൈവത്തിൽനിന്ന് ഒരു പ്രത്യേക സ്പർശനവും സംരക്ഷണവും ആവശ്യമാണ്. അതിലൂടെ ഞങ്ങളുടെ മേലുള്ള അഭിഷേകം അവർക്ക് പകർന്നുനൽകുവാൻ സാധിക്കും. ആത്മീയ യുദ്ധക്കളത്തിൽ ഞങ്ങളും മുൻനിരയിൽ തന്നെ എന്നു പറയാം. കർത്താവായ യേശുക്രിസ്തു നമ്മുടെ പടനായകനും സംരക്ഷകനും ആണ്. ആമേൻ. ദൈവം നിങ്ങളെ കൂടുതലായി അനുഗ്രഹിക്കുമാറാകട്ടെ.

ക്രിസ്തുയേശുവിൽ നിങ്ങളുടെ വിശ്വസ്തർ,


**പാസ്റ്റർ സാം സെൽവരാജ്, അലക്സ് സാംസൺ സാം**

(+91) 98412 71858 / 98410 71858, E.mail : samselvaraj333@gmail.com



Our Ministries: ECHO OF HIS CALL Monthly Magazines (16 languages) ✿ BIBLECOR - Postal Courses (3 languages) ✿ Media Ministry ✿ Online Courses ✿ Theological Correspondence Courses (2 languages) ✿ Church Planting ✿ Nehemiah Bible Colleges ✿ Gospel Printing Press ✿ Great Commission Partners ✿ St. Paul's Matriculation School ✿ Crusades ✿ Community Development

1-ാം പേജിന്റെ തുടർച്ച...

ഉണ്ടായിരുന്നതിനാൽ നാവിഗേറ്റർ പറയുന്നതിനെ അവഗണിക്കാൻ തീരുമാനിച്ചു. ബൈക്ക് യാത്രികൻ മുമ്പ് അവിടെ ഉണ്ടായിരുന്നതി നാൽ വഴി നല്ല നിശ്ചയമായിരുന്നു. മാർഗ്ഗ നിർദ്ദേശത്തിന് ഒരാൾ ഉണ്ടായിരുന്നത് വള രെ ആശ്വാസമായിരുന്നു.

നിങ്ങളുടെ ജീവിതം നയിക്കാൻ ഇതു പോലൊരാൾ ഉണ്ടായിരുന്നെങ്കിൽ എന്നു നിങ്ങൾ എപ്പോഴെങ്കിലും ആഗ്രഹിച്ചിട്ടുണ്ടോ? നിങ്ങൾക്കുവേണ്ടി കഠിനവും സങ്കീർണ്ണവുമായ തീരുമാനങ്ങൾ എടുക്കാൻ കഴിവുള്ള ഒരാൾ! നിങ്ങൾക്ക് അയാളുടെ തീരുമാനങ്ങളെ അനുസരിച്ചാൽ മാത്രം മതി. വിശ്വസിച്ചാലും ഇല്ലെങ്കിലും അങ്ങനെ ഒരാൾ നമുക്കുണ്ട്. അവന്റെ പേർ യേശുക്രിസ്തു എന്നാണ്. അവന് നമ്മുടെ ഭൂതകാലത്തെയും വർത്തമാനകാലത്തെയും നമ്മുടെ ഭാവികാലത്തെ പോലും അറിയാം. നമ്മുടെ നാളെകളിലേക്ക് അവൻ പ്രവേശിച്ചിട്ടുണ്ട്. നമ്മിലേക്ക് കടന്നുവരുന്നതിനെക്കുറിച്ചെല്ലാം അവന് അറിയാം. ലോകസ്ഥാപനത്തിനുമുമ്പെ അവൻ നമ്മെ തിരഞ്ഞെടുത്തിരിക്കുന്നു (എഫെസ്യർ 1:4). നമ്മെക്കുറിച്ച് അവന് മനോഹരമായ പദ്ധതികളുണ്ട്. യിരെമ്യാവ് 29:11 ൽ പ്രഖ്യാപിക്കുന്നതുപോലെ **നിങ്ങൾ പ്രത്യാശിക്കുന്ന ശുഭഭാവി വരുവാൻ തക്കവണ്ണം ഞാൻ നിങ്ങളെക്കുറിച്ച് നിരൂപിക്കുന്ന നിരൂപണങ്ങൾ ഇന്നവ എന്നു ഞാൻ അറിയുന്നു; അവ തിന്മെക്കല്ല നന്മെക്കത്രേയുള്ള നിരൂപണങ്ങൾ എന്നു യഹോവയുടെ അരുളപ്പാടു** (യിരെമ്യാവ് 29:11).

എന്തൊക്കെ സംഭവിച്ചാലും നമ്മുടെ ജീവിതം ദൈവം നമുക്കായി നിശ്ചയിച്ചിരിക്കുന്ന പദ്ധതിയെ പിന്തുടരുക തന്നെ ചെയ്യും. ഈ പദ്ധതികളിൽ ജീവിതത്തിന്റെ നല്ലതും വെല്ലുവിളി നിറഞ്ഞതും പ്രതികൂലവുമായ എല്ലാ വശങ്ങളും ഉൾപ്പെട്ടിരിക്കുന്നു.

## 1. നല്ല പോരാട്ടം പോരാടുക; യോദ്ധാവായിരിക്കുക; വേവലാതിക്കാരൻ ആകാതിരിക്കുക!

നാം അഭിമുഖീകരിക്കുന്ന വെല്ലുവിളികളും നേരിടുന്ന പ്രശ്നങ്ങളും ആശയക്കുഴപ്പമുണ്ടാക്കുന്ന സാഹചര്യങ്ങളുമെല്ലാം ആത്യന്തികമായി നമ്മുടെ നേട്ടത്തിനായി പ്രവർത്തിക്കുന്നവയാണെന്നുള്ളത് തിരിച്ചറിയേണ്ടത് നിർണ്ണായകമായ കാര്യമാണ്. ദൈവം നമ്മെ വിളിച്ചിരിക്കുന്നത് യോദ്ധാക്കളാകാനാണ്, അല്ലാതെ വേവലാതിപ്പെടുന്നവരാകാനല്ല. ജീവിതത്തിലെ പരീക്ഷണങ്ങൾ നമ്മെ നിരാശയിലേക്ക് നയിച്ചേക്കാം, നമ്മുടെ ജീവിതലക്ഷ്യം നിറവേറാതെ പോയേക്കാം. എന്തൊക്കെയായാലും യേശുക്രിസ്തു ഈ ഭൂമിയിൽ വന്നതും, കുരിശിൽ മരിച്ചതും, നിത്യജീവൻ ഉണ്ടെന്ന് നമുക്ക് ഉറപ്പു നൽകാനായി ഉയിർത്തെഴുന്നേറ്റതും നാം മറന്നുപോകരുത്. നമ്മുടെ ഇപ്പോഴത്തെ ജീവിതം ക്ഷണികമാണ്. അത് വരാനിരിക്കുന്ന നിത്യജീവനിലേക്കുള്ള പരിശീലനക്കളരിയാണ്. **...കർത്താവിന്റെ തേജസ്സിനെ... കർത്താവിന്റെ ദാനമായി തേജസ്സിന്മേൽ തേജസ്സു പ്രാപിച്ചു അതേ പ്രതിമയായി രൂപാന്തരപ്പെടുന്നു** (2 കൊരിന്ത്യർ 3:18). പൗലൊസ് 1 തിമൊഥെയോസ് 6:12 ൽ പറയുന്നതുപോലെ **വിശ്വാസത്തിന്റെ നല്ല പോർ പൊരുതുക; നിത്യജീവനെ പിടിച്ചു കൊൾക**. അതിനാൽ നല്ല പോരാട്ടം പോരാടുവാനായി ദൈവം നമ്മെ വിളിച്ചിരിക്കുന്നു.

**വിശ്വാസത്തിന്റെ നല്ല പോർ പൊരുതുക; നിത്യജീവനെ പിടിച്ചു കൊൾക; അതിന്നായി നീ വിളിക്കപ്പെട്ടു അനേകം സാക്ഷികളുടെ മുമ്പാകെ നല്ല സ്വീകാരം കഴിച്ചുവല്ലോ.**

ഈ മഹത്തായ പോരാട്ടം നമുക്ക് എങ്ങനെ പോരാടാനാകും? അത് വിശ്വാസത്തിലൂടെ മാത്രമേ സാദ്ധ്യമാകൂ. വിശ്വാസമില്ലാതെ ഈ നീതിയുക്തമായ പോരാട്ടം പോരാടുവാൻ നമുക്ക് കഴിയുകയില്ല, അതില്ലാതെ നമുക്ക് നിത്യജീവൻ പ്രാപിക്കുവാനും കഴിയുകയില്ല. നമ്മുടെ അസ്ഥിത്വത്തിന്റെ ഉദ്ദേശ്യം തന്നെ നമുക്ക് നഷ്ടമാകുന്നു എന്നാണ് ഇത് സൂചിപ്പിക്കുന്നത്. **എന്റെ പാറയാകുന്ന യഹോവ വാഴ്ത്തപ്പെട്ടവൻ; അവൻ യുദ്ധത്തിന്നു എന്റെ കൈകളെയും പോരിന്നു എന്റെ വിരലുകളെയും അഭ്യസിപ്പിക്കുന്നു** എന്ന് സങ്കീർത്തനങ്ങൾ 144:1 ൽ വിവരിക്കുന്നു. ദൈവം നമ്മുടെ പരിശീലകനും സ്വർഗ്ഗീയ സൈന്യത്തിന്റെ സൈന്യാധിപനുമാണ്, യുദ്ധത്തിനായി നമ്മെ ഒരുക്കുന്നു. നമ്മുടെ ജീവിതത്തിലെ



*യുദ്ധത്തിനായി എന്റെ വിരലുകളെ ദൈവം പണിയുന്നു*

വെല്ലുവിളികളെ നേരിടുവാൻ നമ്മെ ശക്തരാക്കുന്ന സൈന്യങ്ങളുടെ കർത്താവാണ്. പുറപ്പാട് 15:3ൽ പറയുന്നത്: **യഹോവ യുദ്ധവീരൻ; യഹോവ എന്നു അവന്റെ നാമം.** നാം അവനെ പോലെ ഒരു യുദ്ധവീരനാകണമെന്നും വേവലാതിക്കാരനാകരുതെന്നും അവൻ ആഗ്രഹിക്കുന്നു. എല്ലാം അറിയുന്ന സൈന്യാധിപന്റെ മാർഗ്ഗനിർദ്ദേശത്തിന്റെ കീഴിലാണ് നാം. അതിനാൽ മടുത്തുപോകരുത്. നമ്മുടെ സൈന്യാധിപനായ കർത്താവ് കാൽവരി ക്രൂശിലൂടെ വിജയം നേടിയ യുദ്ധം നാം പോരാടിക്കൊണ്ടിരിക്കുകയാണ് എന്ന് ഓർക്കുക.

## 2. പോരാടാനുള്ള ആയുധങ്ങൾ!

യുദ്ധം ചെയ്യാനായി ശക്തിയേറിയ ആയുധങ്ങളെ ദൈവം നമുക്ക് തന്നിട്ടുണ്ട്. 2കൊരിന്ത്യർ 10:4 ൽ ഈ ആയുധങ്ങളെക്കുറിച്ച് വ്യക്തമായ ധാരണ നൽകിയിട്ടുണ്ട്. **ഞങ്ങളുടെ പോരിന്റെ ആയുധങ്ങളോ ജഡീകങ്ങളല്ല, കോട്ടകളെ ഇടിപ്പാൻ ദൈവസന്നിധിയിൽ ശക്തിയുള്ളവ തന്നേ.**

ഈ ആയുധങ്ങൾ വളരെ ശക്തിയുള്ളതായതിനാൽ നമുക്ക് പരാജയമെന്നു തോന്നുന്നവയെ, അത് കോട്ടകളായാലും പാപങ്ങളായാലും ബന്ധനങ്ങളായാലും പാരമ്പര്യ ശാപങ്ങളായാലും അവയെയെല്ലാം തകർക്കാൻ കഴിവുള്ളതാണ്. നിങ്ങളുടെ കുടുംബത്തിൽ ആവർത്തിച്ചുള്ള രോഗമോ തകർച്ചയോ കാണുകയാണെങ്കിൽ ഈ ആയുധങ്ങൾ ഉപയോഗിക്കേണ്ട സമയമായി എന്നു മനസ്സിലാക്കേണ്ടതാണ്. കാൽവരി ക്രൂശിൽ നമുക്കുവേണ്ടി ചൊരിഞ്ഞ രക്തത്താൽ വിജയം നമുക്ക് അവകാശമാക്കാം. നമ്മുടെ ജീവിതങ്ങളിലെ യുദ്ധങ്ങൾക്കെതിരെ പോരാടാൻ നമുക്ക് ദൈവത്തിൽ ആശ്രയിച്ചുകൊണ്ട് നമുക്ക് ആയുധങ്ങൾ ഉപയോഗിച്ചു തുടങ്ങാം.

### എല്ലാ യുദ്ധങ്ങളും പോരാടേണ്ട ആവശ്യമില്ല!

എല്ലാ യുദ്ധങ്ങളും പോരാടേണ്ട ആവശ്യമില്ല എന്നു മനസ്സിലാക്കണം. ചില യുദ്ധങ്ങളും വെല്ലുവിളികളും മുഖ്യമായവയിൽ നിന്നും ശ്രദ്ധ തിരിക്കുവാൻ ഉള്ളതാണ്. നമ്മുടെ യുദ്ധങ്ങളെ നാം വിവേകത്തോടെ തിരഞ്ഞെടുക്കേണ്ടതാണ്. അനാവശ്യ യുദ്ധങ്ങൾക്കായി നിങ്ങളുടെ ഊർജ്ജവും സമയവും ശക്തിയും പാഴാക്കരുത്. നമ്മുടെ ജീവിതത്തിനെതിരെ വരുന്ന എല്ലാ യുദ്ധങ്ങളും നേ

രിടാൻ തുടങ്ങിയാൽ നാം തളർന്നു ക്ഷീണിച്ചും പോകും. അങ്ങനെയായാൽ ദൈവം നമ്മെക്കുറിച്ച് ഉദ്ദേശിച്ചിരിക്കുന്ന ശരിയായുള്ള പോരാട്ടം പോരാടുവാൻ നമുക്ക് കഴിയാതെ വരും.

## വലിയ വിളികൾ, വലിയ വെല്ലുവിളികൾ!

ഒരു വലിയ നിയോഗത്തിനായി ദൈവം നമ്മെ വിളിക്കുമ്പോൾ, അത് നിറവേറ്റുന്നതിൽനിന്ന് നിങ്ങളെ തടയാനായി ശ്രമിക്കുന്ന വെല്ലുവിളികൾ ഉണ്ടാകും. ഈ വെല്ലുവിളികളിൽ നിങ്ങൾ കൂടുതൽ ശ്രദ്ധ കേന്ദ്രീകരിക്കുകയാണെങ്കിൽ അതിൽ അന്തർലീനമായിരിക്കുന്ന അനുഗ്രഹങ്ങൾ നിങ്ങൾക്കു നഷ്ടമാകും.

1 ശമൂവേലിൽ ചിത്രീകരിച്ചിരിക്കുന്ന ദാവീദിന്റെയും ഗോല്യാത്തിന്റെയും സംഭവകഥ ഇതിന്റെ ഏറ്റവും വലിയ ഉദാഹരണമായി കാണാവുന്നതാണ്. ഈ കഥ നമുക്കെല്ലാവർക്കും സുപരിചിതമാണ്.

ഒറ്റയാൾ പോരാട്ടത്തിൽ ഏർപ്പെടാൻ യിസ്രായേൽ സൈന്യത്തെ വെല്ലുവിളിക്കുന്ന ഗോല്യാത്തിന്റെ ചിത്രത്തിന് നാം സാക്ഷ്യം വഹിക്കുന്നു. അവൻ നിരന്തരം ശപിക്കുകയും ബഹളം ഉണ്ടാക്കുന്നത് 40 ദിവസം തുടരുകയും അത് യിസ്രായേൽ സൈന്യത്തിന് വളരെയധികം ഭയം ഉണ്ടാക്കുകയും ചെയ്തു. **അവനെ കണ്ടപ്പോൾ യിസ്രായേല്യരൊക്കെയും ഏറ്റവും ഭയപ്പെട്ടു അവന്റെ മുമ്പിൽനിന്നു ഓടി** (1ശമൂവേൽ 17:24).

എന്നിരുന്നാലും, ദാവീദിന്റെ പ്രതികരണം നമുക്ക് പരിശോധിക്കാം. **ജീവനുള്ള ദൈവത്തിന്റെ സേനകളെ നിന്ദിപ്പാൻ ഈ അഗ്രചർമ്മിയായ ഫെലിസ്ത്യൻ ആർ?** (1ശമൂവേൽ 17:26). ഫെലിസ്ത്യന്റെ വാക്കുകൾ ദാവീദിന് സഹിക്കാനായില്ല. ദാവീദിന്റെ പ്രതികരണം നാം സൂക്ഷ്മമായി പരിശോധിച്ചാൽ അവന്റെ യുദ്ധതന്ത്രം നമുക്ക് മനസ്സിലാക്കാൻ സാധിക്കും.

അവൻ ഈ പ്രശ്നത്തെ ദൈവവുമായ ബന്ധപ്പെടുത്തുന്നു, ദൈവത്തിനെതിരെ ആരെയും സംസാരിക്കാൻ അനുവദിക്കുന്നതുമില്ല. ദാവീദിന്റെ ദൃഷ്ടിയിൽ ഈ യുദ്ധം അവന്റേതല്ല, മറിച്ച് ദൈവത്തിന്റെയാണ്.

പലപ്പോഴും നമ്മുടെ യുദ്ധങ്ങൾ നമ്മുടെ സ്വന്തം കരങ്ങളാൽ പോരാടുവാൻ നാം ശ്രമിക്കുന്നു. പ്രിയ സുഹൃത്തുക്കളേ, നിങ്ങളുടെ യുദ്ധങ്ങൾ ശക്തനായ യോദ്ധാവായ കർത്താവിന് സമർപ്പിക്കുവാൻ ഞാൻ നിങ്ങളോട് അഭ്യർത്ഥിക്കുന്നു. അവൻ നിങ്ങൾക്കുവേണ്ടി പോരാടും. നിർഭാഗ്യവശാൽ, എല്ലാം സ്വതന്ത്രമായി ശ്രമിച്ചുകൊണ്ട് പലപ്പോഴും നാം ക്ഷീണിതരായിപ്പോകുന്നു. അത് നമ്മെ തളർച്ചയിലേക്ക് നയിക്കുകയും നമ്മുടെ വിശ്വാസത്തിൽനിന്നുവരെ മാറിപ്പോകാവുന്ന അവസ്ഥയിലേക്ക് എത്തിച്ചേരുന്നു.

### 3. എല്ലാ കാര്യങ്ങളും നന്മക്കായി പ്രവർത്തിക്കുന്നു!

പ്രിയ ദൈവമക്കളേ, ദാവീദിനെ യുദ്ധഭൂമിയിലേക്ക് കൊണ്ടുവരാൻ ദൈവത്തിന് ഒരു പ്രത്യേക പദ്ധതിയുണ്ടായിരുന്നു. തന്റെ സഹോദരന്മാർക്ക് ഭക്ഷണം എത്തിക്കുക എന്നതാണ് തന്റെ ദൗത്യമെന്ന് ദാവീദ് കരുതി എങ്കിലും ദൈവത്തിന് മറ്റൊരു ദൈവീക പദ്ധതി ഉണ്ടായിരുന്നു. അത് ദാവീദിനെ യിസ്രായേലിന്റെ രാജാവാക്കാനുള്ള ആദ്യ പടിയായിരുന്നു. അന്ന് ദാവീദിന് അതിനെക്കുറിച്ചുള്ള ഒരു അറിവും ഇല്ലായിരുന്നു. ദൈവത്തിന് അവനുവേണ്ടി അവിശ്വസനീയമായ ഒരു പദ്ധതി കരുതിയിട്ടുണ്ടായിരുന്നു, പക്ഷെ ആദ്യം അവൻ ഒരു യുദ്ധം നേരിടേണ്ടതായുണ്ടായിരുന്നു. ഇത് നമ്മുടെ ജീവിതവുമായി ബന്ധമുള്ളതാണ്. വരാനിരിക്കുന്ന അനുഗ്രഹങ്ങളിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്നതിനുപകരം പലപ്പോഴും നാം യുദ്ധത്തിൽ അകപ്പെട്ടുപോകുന്നു.



*ദാവീദ് ഗോല്യാത്തുമായി യുദ്ധം ചെയ്തു*

യുദ്ധത്തിൽ ദാവീദ് ഗോല്യാത്തിനെ നേരിടണമെന്നത് ദൈവത്തിന്റെ ആഗ്രഹമായിരുന്നു. അത് ദൈവത്തിന്റെ ദൈവീക പദ്ധതിയുടെ ഭാഗമായിരുന്നു. എന്നിരുന്നാലും, നമ്മുടെ ജീവിതത്തിൽ ദൈവത്തിന്റെ പദ്ധതിയെ തകർക്കാനായി സാത്താൻ എപ്പോഴും ശ്രമിച്ചുകൊണ്ടേയിരിക്കുന്നു.

06-ാം പേജിൽ തുടരും...

नहेम्याह बाइबल कॉलेज
रेसिडेन्शल कॉलेज, चेन्नई।
माध्यमः हिन्दी
सदस्यता के लिए पंजीकृत उम्मीदवार - ATA
सुविख्यात अंतर्राष्ट्रीय मसीही अगुवे तथा पिछले 54 वर्षों से सेवारत वरिष्ठ पासवान
Diploma in Ministry : One year
Diploma in Theology : Two years
Bachelor of Theology : Three years
योग्यता 10 वी या अधिक
जल्दी करें!
Contact : The Chairman, Nehemiah Bible College.
10, MOHAMMED ABDULLAH 2ND STREET, CHEPAUK, CHENNAI - 600 005, INDIA.
Phone : (+91-44) 2852 8282, Cell : (+91) 98410 71852 / 95661 31858
E.mail : sam@echoofhiscall.org / Website : www.echoofhiscall.org
✶ ऑनलाइन कक्षाएं उपलब्ध हैं ✶

GREAT COMMISSION PARTNERS
ECHO OF HIS CALL MINISTRIES SINCE 1969

# പരമനിയോഗ ദൗത്യ പങ്കാളികൾ

**പങ്കിടൽ** (ഗലാത്യർ 6:2), **സഹായം** (റോമർ 12:13), **കൂടുതൽ വേഗത** (2 തിമൊഥെയോസ് 1:6)

## പ്രാർത്ഥനാ വിഷയങ്ങൾ

(ഈ കടലാസ് നിങ്ങളുടെ വേദപുസ്തകത്തിൽ വച്ച് വിഷയങ്ങൾക്കായി പ്രാർത്ഥിക്കുവിൻ)

## സ്തോത്രത്തിനായുള്ള വിഷയങ്ങൾ

*നവംബർ 19* ⇨ 2023-24 അദ്ധ്യയന വർഷത്തെ **നെഹെമ്യ ബൈബിൾ കോളേജിന്റെ** ആദ്യത്തെ സെമസ്റ്റർ വിജയകരമായി പൂർത്തിയാക്കാൻ സഹായിച്ചതിനായി.

*നവംബർ 20* ⇨ വിളിയുടെ പ്രതിധ്വനിയുടെ 16 ഭാഷകളിലെ മാസികയുടെ അച്ചടി നമ്മുടെ സുവിശേഷ അച്ചടിശാലയിൽ ചെയ്തതിനും വിതരണം ചെയ്തതിനായും.

*നവംബർ 21* ⇨ ആശുപത്രി ശുശ്രൂഷയിലെ ദൈവീക അത്ഭുതങ്ങൾക്കായി.

*നവംബർ 22* ⇨ സുവിശേഷം എത്തിച്ചേരാത്തിടത്ത് എത്തിക്കുവാനുള്ള മുഖ്യസഭയിലെയും ശാഖാസഭകളിലെയും ഞായർ ആരാധനകൾക്കായി.

*നവംബർ 23* ⇨ വിവിധ മാർഗങ്ങളിലൂടെ സുവിശേഷം ജനങ്ങളിലേക്ക് എത്തിക്കുവാനുള്ള സീനിയർ പാസ്റ്ററുടെ സമർപ്പണത്തിനായി.

*നവംബർ 24* ⇨ വിളിയുടെ പ്രതിധ്വനി മാസിക ശുശ്രൂഷയെ തുണക്കുന്ന അസ്സോസിയേറ്റ് എഡിറ്റർമാരെ നൽകി സഹായിച്ചതിനായി.

*നവംബർ 25* ⇨ നമ്മുടെ പ്രാർത്ഥനാ പങ്കാളികൾ, വിശ്വാസ പങ്കാളികൾ, ജീവിത പങ്കാളികൾ, പരമനിയോഗ ദൗത്യ പങ്കാളികൾ എന്നിവർക്കും കുടുംബാംഗങ്ങൾക്കു മായി.

*നവംബർ 26* ⇨ ഞങ്ങളെ സ്ഥിരമായി സഹായിക്കുന്നവർക്കായും ശുശ്രൂഷയുമായുള്ള അവരുടെ പങ്കാളിത്തത്തിനായും.

*നവംബർ 27* ⇨ ഓഫീസിലെയും അച്ചടിശാലയിലെ ജീവനക്കാരുടെയും വിളിയുടെ പ്രതിധ്വനി ശുശ്രൂഷയുമായുള്ള അർപ്പണ മനോഭാവത്തിനായി.

*നവംബർ 28* ⇨ സിസ്റ്റർ സജിനി ചെറിയാൻ ഇംഗ്ലീഷ് എഡിറ്ററായും ബ്ര. വില്ലെം ജേക്കബ്സ് പ്രെട്ടോറിയസ് ആഫ്രിക്കൻസ് എഡിറ്ററായും പുതുതായി ചാർജ് എടുക്കാൻ സഹായിച്ചതിനായി.

*നവംബർ 29* ⇨ സുവിശേഷം എത്തിച്ചേരാത്തിടങ്ങളിലേക്ക് വിളിയുടെ പ്രതിധ്വനി യുട്യൂബ് ചാനലിലൂടെ കടന്നു ചെല്ലുവാൻ ദൈവം അനുഗ്രഹിച്ചതിനായി.

*നവംബർ 30* ⇨ മുഖ്യസഭയിലെയും സഹോദര സഭകളിലെയും സണ്ടേസ്കൂളിന് കൂടുതൽ വിദ്യാർത്ഥികളെ നൽകി അനുഗ്രഹിച്ചതിനായി.

*ഡിസംബർ 01* ⇨ സെന്റ് പോൾസ് മെട്രിക്കുലേഷൻ സ്കൂളിലെയും നെഹെമ്യ ബൈബിൾ കോളേജിലെയും വിദ്യാർത്ഥികളെയും അദ്ധ്യാപകരെയും സ്വർഗ്ഗീയ സംരക്ഷണത്തിൽ പരിപാലിക്കുന്നതിനായി.

*ഡിസംബർ 02* ⇨ കൂടുതൽ വിദ്യാർത്ഥികളോടും കൂടുതൽ ഉത്സാഹത്തോടുംകൂടി നെഹെമ്യ ബൈബിൾ കോളേജിന്റെ റെസിഡെൻഷ്യൽ, സായാഹ്ന കോഴ്സുകളുടെ രണ്ടാം സെമസ്റ്റർ ആരംഭിക്കാൻ ഞങ്ങളെ അനുഗ്രഹിച്ചതിനായി.

*ഡിസംബർ 03* ⇨ വിളിയുടെ പ്രതിധ്വനി ശുശ്രൂഷയുടെ എല്ലാ പ്രവർത്തനങ്ങളിലും ദൈവത്തിന്റെ കരങ്ങൾ ഉള്ളതിനായി.

## പ്രാർത്ഥനയ്ക്കായുള്ള വിഷയങ്ങൾ

*ഡിസംബർ 04* ⇨ നമ്മുടെ സീനിയർ പാസ്റ്റർ എസ് സാം സെൽവരാജിനെയും കുടുംബത്തെയും എല്ലാ ദുഷ്ടശക്തികളിൽനിന്നുമുള്ള സുരക്ഷിതത്തിനായി.

*ഡിസംബർ 05* ⇨ നമ്മുടെ സീനിയർ പാസ്റ്ററുടെ ആത്മകഥയുടെ പൂർത്തീകരണത്തിനായി.

*ഡിസംബർ 06* ⇨ ലോകം മുഴുവനുമുള്ള പാസ്റ്റർമാരുടെയും മിഷണറി പ്രവർത്തകരുടെയും സംരക്ഷണക്കായി.

*ഡിസംബർ 07* ⇨ നെഹെമ്യ ബൈബിൾ കോളേജുകൾക്ക് ATA അംഗീകാരം ലഭിക്കുന്നതിനായി.

*ഡിസംബർ 08* ⇨ സെന്റ് പോൾസ് മെട്രിക്കുലേഷൻ സ്കൂളിലെയും നെഹെമ്യ ബൈബിൾ കോളേജിലെയും ജീവനക്കാർക്കും വിദ്യാർത്ഥികൾക്കുമായി.

*ഡിസംബർ 09* ⇨ ലോകം മുഴുവനുമുള്ള കൗമാരക്കാരിൽനിന്നും യുവാക്കളിൽനിന്നും ആത്മഹത്യാപ്രവണത നീങ്ങിപ്പോകുവാൻ.

*ഡിസംബർ 10* ⇨ ചുഴലിക്കാറ്റ്, ഭൂകമ്പം മുതലായ ലോകം മുഴുവനുമുള്ള പ്രകൃതി ദുരന്തങ്ങൾ തടയപ്പെടുവാൻ.

*ഡിസംബർ 11* ⇨ എല്ലാ മതങ്ങൾ തമ്മിലുള്ള ഐക്യത്തിനായി.

*ഡിസംബർ 12* ⇨ നമ്മുടെ ശുശ്രൂഷകളുടെ വികസനവും ലോകമെമ്പാടുമുള്ള സുവിശേഷപ്രവർത്തനത്തിനായും.

*ഡിസംബർ 13* ⇨ നമ്മുടെ സീനിയർ പാസ്റ്റർ എസ് സാം സെൽവരാജിനെയും കുടുംബത്തെയും എല്ലാ ദുഷ്ടശക്തികളിൽനിന്നുമുള്ള സുരക്ഷിതത്തിനായി.

*ഡിസംബർ 14* ⇨ ലോകമെമ്പാടുമുള്ള ക്രിസ്തീയ ശശ്രൂഷകളുടെ വലിയ ഉണർവ്വിനായി.

*ഡിസംബർ 15* ⇨ മണിപ്പൂരിന്റെ സമാധാനത്തിനും ഐക്യത്തിനും.

*ഡിസംബർ 16* ⇨ മുഖ്യസഭയിലെയും ശാഖാസഭകളിലെയും വിശ്വാസികളുടെ ദൈവീക സംരക്ഷണത്തിനും ആരോഗ്യത്തിനുമായി.

*ഡിസംബർ 17* ⇨ ഞങ്ങളുടെ യുട്യൂബ് ശുശ്രൂഷയിലൂടെ നിരവധി ആത്മാക്കൾ രക്ഷിക്കപ്പെടുവാൻ.

*ഡിസംബർ 18* ⇨ ആത്മീയ പ്രവർത്തനങ്ങൾക്കായും ശുശ്രൂഷകളുടെ വികസനത്തിനുമായി.

... 4-ാം പേജിന്റെ തുടർച്ച

## 4. പിന്മാറാൻ പഠിക്കുക!

ദാവീദ് വളരെയധികം ആവേശത്തോടും വികാരത്തോടും സംസാരിച്ചുകൊണ്ടിരുന്നപ്പോൾ അവൻ ഒരു ശബ്ദം കേട്ടു. 1 ശമൂവേൽ 17:28ൽ ഇങ്ങനെ പറയുന്നു: "അവരോടു അവൻ സംസാരിക്കുന്നതു അവന്റെ മൂത്ത ജ്യേഷ്ഠൻ ഏലീയാബ് കേട്ടു ദാവീദിനോടു കോപിച്ചു: **നീ ഇവിടെ എന്തിനു വന്നു? മരുഭൂമിയിൽ ആ കുറെ ആടുള്ളതു നീ ആരുടെ പക്കൽ വിട്ടേച്ചുപോന്നു? നിന്റെ അഹങ്കാരവും നിഗളഭാവവും എനിക്കറിയാം; പട കാണ്മാനല്ലേ നീ വന്നതു എന്നു പറഞ്ഞു.**" ദാവീദ് അഹങ്കാരിയും ദുഷ്ടഹൃദയനുമാണെന്ന് ഏലിയാബ് ആരോപിച്ചു. കുടാതെ അവൻ യുദ്ധം കാണാൻ മാത്രമാണ് വന്നത് എന്നും ആരോപിച്ചു. ദാവീദിന്റെമേലുള്ള ഈ ആരോപണങ്ങൾ വളരെയധികം മൂർച്ചയേറിയതും വേദനാജനകവുമായിരുന്നു.

തന്നെ കുറ്റപ്പെടുത്തുന്നതെന്തിനെന്നറിയാതെ, താൻ ചെയ്ത കുറ്റം എന്താണെന്ന് ദാവീദ് ചോദിച്ചു. തനിക്ക് സംസാരിക്കാൻ പോലും അനുവാദമില്ലാത്തതെന്താണ് എന്ന് അവൻ ചോദിച്ചു. 1 ശമൂവേൽ 17:29ലും 30ലും പരാമർശിച്ചിരിക്കുന്നതുപോലെ **അവൻ അവനെ വിട്ടു മാറി**. ചിലപ്പോഴൊക്കെ നാം പിന്തിരിയാനും നടന്നു മാറുവാനും പഠിക്കേണ്ടതായിട്ടുണ്ട്. നമ്മുടെ നേരെ വരുന്ന എല്ലാ യുദ്ധവും നാം പോരാടേണ്ടതില്ല.

തെറ്റായ ആരോപണങ്ങൾക്കെതിരെ സ്വയം പ്രതിരോധിച്ചുകൊണ്ട് അവിടെ നില്ക്കാനും സഹോദരനുമായി തർക്കിക്കാനും ദാവീദിന് അവസരം ഉണ്ടായിരുന്നു. ഇത്രയധികം ആളുകളുടെ മുമ്പിൽവച്ച് കുറ്റപ്പെടുത്തുകയും ചെയ്തതുകൊണ്ട് അവന് അതിനുള്ള അവകാശവും ഉണ്ടായിരുന്നു. പക്ഷെ, യുദ്ധം ചെയ്യേണ്ടതില്ലെന്ന് ദാവീദ് തീരുമാനിച്ചു. പകരം, അവൻ ഒഴിഞ്ഞുമാറി പോകാൻ തീരുമാനിച്ചു.

## 5. നിങ്ങളുടെ യുദ്ധക്കളം പാഴാക്കരുത്!

പ്രീയ സഹോദരങ്ങളേ, ചില സാഹചര്യങ്ങളിൽനിന്ന് ഒഴിഞ്ഞുമാറാനുള്ള ബുദ്ധി ദൈവം നമുക്ക് നൽകുമാറാകട്ടെ. ഒരു വലിയ ലക്ഷ്യം നിറവേറ്റേണ്ടതിനുവേണ്ടിയാണ് ദൈവം നമ്മെ വിളിച്ചിരിക്കുന്നത്. അതിനാൽ നിങ്ങളെ വിളിച്ചിരിക്കുന്ന വിളിയിൽനിന്ന് പിന്മാറാൻ ഏലിയാബിനെ പോലെയുള്ളവരുടെ വാക്കുകൾക്ക് ചെവി കൊടുക്കരുത്. നമ്മുടെ ജീവിതത്തിൽ ഏലിയാബുകളെ നേരിടുന്നതിനു പകരം ഗോല്ല്യാത്തുമാരെ നേരിടുവാൻ ശീലിക്കുവിൻ. കർത്താവിനുവേണ്ടി ജീവിക്കുവാൻ സുപ്രധാനമായ തീരുമാനങ്ങളെടുക്കുമ്പോൾ തടസ്സങ്ങളും എതിർപ്പുകളും നേരിടേണ്ടി വരുന്നത് സാധാരണയാണ്. ഏലിയാബിനെപ്പോലെയുള്ളവരുടെ രൂപത്തിലും ഈ തടസ്സങ്ങൾ വരാം. എന്നിരുന്നാലും അവരുടെ കുറ്റപ്പെടുത്തലുകളും നിഷേധാത്മകതയും നമ്മെ വിഴുങ്ങുവാൻ അനുവദിക്കുകയാണെങ്കിൽ, നമ്മുടെ ഉത്സാഹവും അർപ്പണബോധവും തീഷ്ണതയുമെല്ലാം ചോർന്നുപോയേക്കാം.

ഏലിയാബ് ഉന്നയിച്ച ആരോപണങ്ങൾ നമുക്കു നോക്കാം:

നീ എന്തിനാണ് ഇവിടെ വന്നത്?

നീ മരുഭൂമിയിൽ ആരുടെ കൂടെയാണ് ആടുകളെ വിട്ടിട്ടു വന്നത്?

നീ എത്ര അഹങ്കാരിയാണെന്നും ദുഷ്ടനുമാണെന്ന് എനിക്കറിയാം.

നീ യുദ്ധം കാണാൻ വേണ്ടി മാത്രമാണ് ഇവിടെ വന്നത്.



*ഏലിയാബ് ദാവീദിനോട് ചോദ്യങ്ങൾ ചോദിച്ചു*

ഈ കുറ്റപ്പെടുത്തുന്ന ചോദ്യങ്ങൾക്കെല്ലാം ഉത്തരം നൽകുകയാണെങ്കിൽ അത് ഗോല്ല്യാത്തിനോട് ഏറ്റുമുട്ടുന്നതിനു പകരം ഏലിയാബിനോടാകുമായിരുന്നു. അവൻ യുദ്ധക്കളത്തിൽ വന്നതിന്റെ ദൈവത്തിനുള്ള ഉദ്ദേശ്യം പൂർത്തീകരിക്കപ്പെടുമായിരുന്നില്ല. ഗോല്ല്യാത്തിനെതിരെ പോരാടാൻ ദൈവം നിങ്ങളെ വിളിക്കുമ്പോൾ അത് ഏലിയാബുമായി പോരാടി സമയം കളയരുത്. യുദ്ധങ്ങൾ വിവേകത്തോടെ തിരഞ്ഞെടുക്കുവിൻ. നമ്മുടെ യുദ്ധം ലോകത്തിലെ ഏലിയാബുമാരോടല്ല, മറിച്ച് ഗോല്ല്യാത്തുകൾക്ക് എതിരെയാണെു മനസ്സിലാക്കുവിൻ. അതുകൊണ്ട് തിരിഞ്ഞു നടന്നു പോകുവാൻ പഠിക്കുവിൻ.

9-ാം പേജിൽ തുടരും...

നെഹെമ്യ ബൈബിൾ
സായാഹ്ന കോളേജ്
ചെപ്പോക്ക് & സന്തോഷപുരം, ചെന്നൈ
ഭാഷ : തമിഴ്
അപേക്ഷകനുള്ള മെമ്പർഷിപ്പ് - ATA
കഴിഞ്ഞ 54 വർഷങ്ങളായി അന്താരാഷ്ട്ര ക്രിസ്തീയ നേതാക്കളും മുതിർന്ന പാസ്റ്റർമാരും അംഗീകരിച്ചത്
Diploma in Ministry : One year
Diploma in Theology : Two years
Bachelor of Theology : Three years
യോഗ്യത : പത്താം ക്ലാസ്സോ അതിനു മുകളിലോ
അതിവേഗം അഡ്മിഷൻ നേടുവിൻ!
10, MOHAMMED ABDULLAH 2ND STREET, BELLS ROAD, CHEPAUK, CHENNAI - 600 005, INDIA.
Phone : (+91-44) 2852 8282, Cell : (+91) 98410 71852 / 95661 31858
E-mail : sam@echoofhiscall.org / Website : www.echoofhiscall.org

## നമ്മുടെ ആസ്ഥാന കാര്യാലയത്തിലെ ശുശ്രൂഷകൾക്കുവേണ്ടി പ്രാർത്ഥിക്കുക

| | | |
|---|---|---|
| 01. | പ്രാർത്ഥന സഹായങ്ങൾ | – 24 മണിക്കൂർ |
| 02. | ബൈബിൾ കറസ്പോണ്ടൻസ് | – ബൈബിൾകോർ – തമിഴ്, ഇംഗ്ലീഷ്, ഹിന്ദി (കോഴ്സുകൾ) |
| 03. | വിളിയുടെ പ്രതിധ്വനി | – മാസികകൾ<br>തമിഴ്, ഇംഗ്ലീഷ്, മലയാളം, തെലുങ്ക്, ഹിന്ദി, കന്നട, മറാത്തി, ബംഗാളി, ആസാമീസ്, ഗുജറാത്തി, ഉറുദു, പഞ്ചാബി, നേപ്പാളി, ഒറിയ, സിംഹളം, ആഫ്രിക്കൻ |
| 04. | നെഹെമ്യ ബൈബിൾ കോളേജ് | – രണ്ടു കേന്ദ്രങ്ങൾ (സായാഹ്നം, റെസിഡൻഷ്യൽ) |
| 05. | വേദശാസ്ത്ര വിദൂര പഠന കേന്ദ്രം | – ഇംഗ്ലീഷ്, തമിഴ് |
| 06. | പരമനിയോഗ ദൗത്യ പങ്കാളികൾ | – പാസ്റ്റർമാരുടെ ചങ്ങല |
| 07. | ട്രെയിനിംഗ് പരിപാടികൾ | |
| 08. | ക്രൂസേഡുകൾ | |
| 09. | കൈപ്രതി പ്രവർത്തനങ്ങൾ, ലഘുലേഖ വിതരണം | |
| 10. | സുവിശേഷ പ്രസിദ്ധീകരണ പ്രസ്സ് | – പ്രസിദ്ധീകരണങ്ങൾ |
| 11. | സെന്റ് പോൾസ് മെട്രിക്കുലേഷൻ സ്ക്കൂൾ | – ഗ്രാമീണ ഇംഗ്ലീഷ് വിദ്യാലയം |
| 12. | സണ്ടേസ്ക്കൂൾ | – ഞായർ രാവിലെ 8.30, വൈകുന്നേരം 4.00 മണി |
| 13. | തമിഴ് ആരാധന | – രാവിലെ 8.00, ഞായർ രാവിലെ 10.00 മണി |
| 14. | തെലുങ്ക് ആരാധന | – ഞായർ വൈകുന്നേരം 5.00 മണി |
| 15. | ഹിന്ദി ആരാധന | – ഞായർ വൈകുന്നേരം 4.00 മണി |
| 16. | ഇംഗ്ലീഷ് – തമിഴ് ആരാധന | – ഞായർ വൈകുന്നേരം 6.00 മണി |
| 17. | സ്ത്രീകളുടെ പ്രാർത്ഥനായോഗം | – ബുധൻ വൈകുന്നേരം 5.30 മണി |
| 18. | പുരുഷന്മാരുടെ യോഗം | – വെള്ളി വൈകുന്നേരം 7.00 മണി |
| 19. | ശിഷ്യത്വ യോഗം | – ശനി വൈകുന്നേരം 6.00 മണി |
| 20. | ഭവന കൂട്ടായ്മ | – ചൊവ്വ, വ്യാഴം വൈകുന്നേരം 6.30 മണി |
| 21. | പ്രത്യേക കർത്തൃമേശ | – എല്ലാ മാസവും ആദ്യ ദിവസം രാവിലെ 6.00 മണി |
| 22. | സുവിശേഷകരുടെ അവലോകനം | – ആദ്യ ശനി വൈകുന്നേരം 5.30 മണി |
| 23. | രക്ഷിതാക്കളുടെ പ്രാർത്ഥന | – ആദ്യ ശനി വൈകുന്നേരം 4.00 മണി |
| 24. | രാത്രി പ്രാർത്ഥന | – രണ്ടാം വെള്ളി രാത്രി 9.30 മണി |
| 25. | ഉപവാസ പ്രാർത്ഥന | – ആദ്യ ശനി രാവിലെ 9.30 മണി |
| 26. | കർത്തൃമേശ | – രണ്ടാം ഞായർ ആരാധനയോടൊപ്പം |
| 27. | യുവാക്കൾക്കും കുട്ടികൾക്കുമുള്ള പ്രാർത്ഥന | – ദിവസവും രാത്രി 10.00 മണി |
| 28. | ജീവനക്കാരുടെ ധ്യാനം | – ദിവസവും രാവിലെ 9.00 മണി |
| 29. | ഓഫീസ് | – രാവിലെ 9 മുതൽ രാത്രി 9 വരെ (ഞായർ ഒഴികെ) |

## *വിളിയുടെ പ്രതിധ്വനി തപാൽ കോഴ്സുകൾ*

### *1. ബൈബിൾകോർ*

വേദപുസ്തകത്തിലെ പ്രാഥമിക സത്യങ്ങൾ ക്രിസ്ത്യാനികൾക്കും അക്രൈസ്തവർക്കുമായി തപാൽ കോഴ്സുകൾ ഇംഗ്ലീഷ് (57 പേജുകൾ), ഹിന്ദി (76പേജുകൾ), തമിഴ് (96 പേജുകൾ) എന്നീ ഭാഷകളിൽ ഞങ്ങൾ ചെയ്യുന്നു. പുതിയ ജീവിതം-നിങ്ങൾക്ക് എന്ന കോഴ്സ് ബുക്ക് ലഭിക്കുന്നതാണ്. കോഴ്സ് പൂർത്തിയാക്കുമ്പോൾ സർട്ടിഫിക്കേറ്റ് ലഭിക്കുന്നു. നിർബന്ധ ഫീസ് ഇല്ല. നിങ്ങൾ അനുഗ്രഹിക്കപ്പെടും.

### *2. തിയോളജിക്കൽ കറസ്പോണ്ടൻസ് കോഴ്സ്*

തിയോളജിക്കൽ കറസ്പോണ്ടൻസ് കോഴ്സ് എന്ന പേരിലുള്ള ആധുനിക വിദൂര വിദ്യാഭ്യാസം ഇംഗ്ലീഷ് (537 പേജുകൾ), തമിഴ് (652 പേജുകൾ) എന്നീ ഭാഷകളിൽ സുവിശേഷ പ്രവർത്തനത്തിന് താല്പര്യമുള്ള പാസ്റ്റർമാർ, സുവിശേഷകർ, ക്രിസ്തീയ നേതാക്കൾ, സാധാരണ ജനങ്ങൾ എന്നിവർക്ക് ലഭ്യമാണ്. ഫീസ് 1000/-രൂപ 149 അദ്ധ്യായങ്ങളുള്ള 7 ബുക്കുകൾ തരുന്നതാണ്. സർട്ടിഫിക്കേറ്റ് ഇൻ മിനിസ്ട്രി ലഭിക്കുന്നു. ദൈവം നിങ്ങളെ അനുഗ്രഹിക്കും.

*കൂടുതൽ വിവരങ്ങൾക്ക് എഴുതുവിൻ.*

ചെയർമാൻ, നെഹെമ്യ ബൈബിൾ കോളേജ്,
വിളിയുടെ പ്രതിധ്വനി, പോസ്റ്റ് ബോക്സ് 2957,
ചെപ്പോക്ക്, ചെന്നൈ – 600 005.
ഫോൺ: (044) 28528282, 28529293, 28547766,
മൊബൈൽ: 9841071852, 9566131858
E.mail : biblecor@yahoo.co.in

## വിളിയുടെ പ്രതിധ്വനി

### മാസിക സൗജന്യമായി ലഭിക്കുവാനുള്ള സുവർണ്ണാവസരം

നിങ്ങളുടെ സ്നേഹിതരുടെയോ ബന്ധുക്കളുടെയോ വിലാസം തപാൽ, കത്ത്, ഇ-മെയിൽ, വാട്ട്സ്ആപ്, ഫോൺ ഇവയിൽ ഏതെങ്കിലുമൊന്നിലൂടെ ഞങ്ങളെ അറിയിക്കുകയാണെങ്കിൽ **വിളിയുടെ പ്രതിധ്വനി** മാസിക സൗജന്യമായി അവരുടെ വിലാസത്തിൽ ഞങ്ങൾ അയച്ചുകൊടുക്കുന്നതാണ്.

## നികുതി ഇളവ്

"ECHO OF HIS CALL EDUCATIONAL TRUST" ന് വ്യക്തിയോ സംഘടനയോ നൽകുന്ന സംഭാവനകൾ വരുമാന നികുതി ആക്ട് 80 ജി പ്രകാരം നികുതി ഇളവിന് അർഹമാണ്. ഇതിന് ഔദ്യോഗിക രസീത് നൽകുന്നതാണ്. ഇത്തരം സംഭാവനകൾക്കുള്ള പണച്ചീട്ട്, ഡ്രാഫ്റ്റ് എന്നിവ എക്കോ ഓഫ് ഹിസ് കോൾ എഡ്യൂക്കേഷണൽ ട്രസ്റ്റ് എന്ന പേരിൽ എടുത്ത് ഞങ്ങൾക്ക് അയച്ചുതരിക.

| | | |
|---|---|---|
| Account Name | : | ECHO OF HIS CALL EDUCATIONAL TRUST |
| Account Number | : | 1023 2923 805 |
| Bank Name | : | STATE BANK OF INDIA |
| Branch | : | TRIPLICANE, CHENNAI - 600 005 |
| IFSC Code | : | SBIN 0000249 |
| SWIFT Code | : | SBI NIN BB 455 |



# കുടിലിൽ നിന്നും കൊട്ടാരത്തിലേക്ക്

## PIT TO PALACE

(പാസ്റ്റർ എസ്. സാം സെൽവരാജിന്റെ ജീവിതാനുഭവങ്ങൾ)

"വായിക്കുന്നവൻ ചിന്തിച്ചുകൊള്ളട്ടെ" (മത്തായി 24:15)

## അവന്റെ ഒരു ലക്ഷ്യവും അവനിൽനിന്നു മറച്ചുവെക്കാനാവില്ല!

### NO PURPOSE OF HIS CAN BE WITHHELD FROM HIM!

1969 ൽ യേശുക്രിസ്തുവിനെ സ്വന്ത രക്ഷിതാവായി സ്വീകരിച്ചതുമുതൽ ഹെറാൾഡ് ഓഫ് ഹിസ് കമിംഗിന്റെ എഡിറ്ററായ പാസ്റ്റർ എസ്. ദേവദാസന്റെ ശുശ്രൂഷയിൽ ഞാൻ ചേർന്നു. കർത്താവിനെ സേവിക്കാൻ അദ്ദേഹം എനിക്ക് ആത്മീയ പരിശീലനം നൽകി. മൂന്നു വർഷം ഞാൻ അദ്ദേഹത്തോടൊപ്പമായിരുന്നു.



*Pr. S. Sam Selva Raj & Rev. S. Devadasan*

ഒരു രാത്രി ഞാൻ അദ്ദേഹത്തോടൊപ്പം വളരെ നേരം പ്രാർത്ഥനയിലായിരുന്നു. പെട്ടെന്ന് അദ്ദേഹം ഭാവിയിൽ ലോകം എങ്ങനെയായിരിക്കുമെന്നും, ഭാവിയിൽ എന്നിലൂടെ ദൈവം എന്തൊക്കെ ചെയ്യുമെന്നും പറഞ്ഞുതുടങ്ങി. അദ്ദേഹം വലിയ കാര്യങ്ങളെക്കുറിച്ച് സംസാരിച്ചു. ആ കാലത്ത് എനിക്കു ചിന്തിക്കാൻ പോലും കഴിയാത്ത കാര്യങ്ങളെക്കുറിച്ചാണ് അദ്ദേഹം പറഞ്ഞത്. ഭാവിയിൽ ഞാൻ ചെയ്യുമെന്ന് അദ്ദേഹം പ്രവചിച്ച മഹത്തായ ശുശ്രൂഷകൾ നിർവ്വഹിക്കാനുള്ള വിദ്യാഭ്യാസ യോഗ്യതയോ പണമോ ആൾബലമോ എനിക്കില്ലായിരുന്നു.

എന്റെ പോരായ്മകളെക്കുറിച്ചു ഞാൻ അദ്ദേഹത്തോടു വിശദീകരിച്ചു. "പാസ്റ്റർ, ഞാൻ കർത്താവിന്റെ ശുശ്രൂഷയിൽ ഏറ്റവും കുറഞ്ഞ ദാസനായിരുന്നാൽ മതി." അദ്ദേഹം ഇങ്ങനെ മറുപടി പറഞ്ഞു: "ഒരു സാധാരണ മനുഷ്യനെ ഏറ്റവും ഉയരങ്ങളിലെത്തിക്കാൻ രണ്ട് കാര്യങ്ങൾ ആവശ്യമാണ്. അത് 1 തിമൊഥെയോസ് 1:19ൽ പറഞ്ഞിരിക്കുന്നതുപോലെ (1) വിശ്വാസവും (2) നല്ല മനസ്സാക്ഷിയുമാണ്. നിന്റെ കണ്ണുകളെ സൂക്ഷിക്കുന്നതുപോലെ അവയെ സുരക്ഷിതമായി സൂക്ഷിക്കാൻ നീ ശ്രദ്ധിച്ചാൽ, ഞാൻ ഇപ്പോൾ സൂചിപ്പിച്ച ഈ ആത്മീയ ഉയർച്ചയെല്ലാം നിനക്കു ലഭിക്കുമെന്ന് ഉറപ്പാണ്". ഈ കഴിഞ്ഞ വർഷങ്ങളിലെല്ലാം എന്റെ കഴിവിന്റെ പരമാവധി ഈ കാര്യങ്ങൾ പരിപാലിക്കാൻ കർത്താവ് എന്നെ സഹായിച്ചു.

ഞാൻ ഈ ലേഖനം എഴുതുന്നതിനുമുമ്പ് കർത്താവ് എന്നോടു സംസാരിച്ചു. അവന്റെ മൃദുലമായ ശബ്ദം കേട്ട് എനിക്ക് സംസാരിക്കാൻ കഴിയാതെയായിപ്പോയി. അവൻ എന്നോട് ഇങ്ങനെ പറഞ്ഞു: "എന്റെ മകനേ, നീ ഇപ്പോൾ നിൽക്കുന്ന ഈ കെട്ടിടത്തെക്കുറിച്ച് ചിന്തിച്ചുനോക്കൂ. ഇത് നിനക്ക് എങ്ങനെയാണ് ലഭിച്ചത്? ഈ കെട്ടിടത്തിൽ ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്ന ശുശ്രൂഷകളെക്കുറിച്ച് ചിന്തിച്ചുനോക്കൂ. താഴത്തെ നിലയിലുള്ള അത്യാധുനിക അച്ചടിശാലയെ നോക്കൂ. 24 മണിക്കൂറും പ്രാർത്ഥനാനിരതമായ ഒന്നാമത്തെ നിലയിലെ എന്റെ ആലയത്തെക്കുറിച്ച് ആലോചിച്ചുനോക്കൂ. ഒന്നാം നിലയുടെ മറുഭാഗത്തു സ്ഥിതിചെയ്യുന്ന **നെഹെമ്യ ബൈബിൾ കോളേജ്** ശുശ്രൂഷകളെയും അതിലെ വിദ്യാർത്ഥികൾക്കുവേണ്ടിയുള്ള യുവജന ശുശ്രൂഷകളെയും കുറിച്ച് ചിന്തിച്ചിട്ടുണ്ടോ? രണ്ടാം നിലയിൽ പ്രവർത്തിക്കുന്ന **വിളിയുടെ പ്രതിധ്വനി**യുടെ അഡ്മിനിസ്ട്രേറ്റീവ് ഓഫീസിനെക്കുറിച്ച് നീ ചിന്തിച്ചിട്ടുണ്ടോ?

"നിങ്ങളുടെ കഴിവിനതീതമായ ശുശ്രൂഷകൾ നിർവ്വഹിക്കുന്നതിന്, നിങ്ങളെക്കാൾ സമർത്ഥരും ജ്ഞാനികളുമായ അനേകം അഹരോന്മാരെയും യോശുവമാരെയും ഞാൻ നിങ്ങൾക്കു നൽകിയിട്ടുണ്ട്, അവർ നിങ്ങളെ ആവശ്യത്തിനനുസരിച്ച് സഹായിക്കുകയും അനുഗ്രഹിക്കുകയും ചെയ്യും. നിങ്ങൾ ഈ അനുഗ്രഹങ്ങളെക്കുറിച്ച് ചിന്തിക്കുന്നില്ല എങ്കിലും ഞാൻ എല്ലായ്പോഴും ചിന്തിക്കുന്നുണ്ട്. ഞാൻ നിന്നെ വിളിച്ചപ്പോൾ നീ എങ്ങനെയായിരുന്നു? നീ ഇപ്പോൾ എങ്ങനെയാണ്? ഞാൻ നിന്റെ ശുശ്രൂഷകളെ ഇനിയും വർദ്ധിപ്പിക്കും. എന്റെ ദാസനായ പാസ്റ്റർ എസ്. ദേവദാസൻ നിന്നെ പഠിപ്പിച്ചതുപോലെ, **നിന്റെ വിശ്വാസത്തിലും നല്ല മനസ്സാക്ഷിയിലും ഉറച്ചുനില്ക്കുക.** നിന്റെ ജീവിതത്തിൽ പ്രയാസമേറിയതും ദുർഘടവുമായ വഴികളിലൂടെ നടക്കേണ്ടിവരുമ്പോൾ നിരാശപ്പെടരുത്. നിന്നെ വിളിച്ചത് ഞാനല്ലേ? ഞാൻ എന്റെ വായ് കൊണ്ട് നിന്നോടു സംസാരിച്ചത് എന്റെ കൈകൊണ്ടു നിറവേറ്റും. ധൈര്യമുള്ളവനായിരിക്ക, ഒന്നിനെക്കുറിച്ചും ഭാരപ്പെടരുത്."

കർത്താവ് എന്നിലൂടെ ചെയ്യുന്ന അത്ഭുതകരവും മഹത്തായതുമായ കാര്യങ്ങൾ പൂർണ്ണമായി മനസ്സിലാക്കുവാൻ എനിക്കു കഴിയാറില്ല. പ്രിയ സഹോദരാ, സഹോദരീ, ദൈവം നിങ്ങൾക്കു മുകളിൽ പ്രതിഷ്ഠിച്ചിരിക്കുന്ന നിങ്ങളുടെ നേതാക്കന്മാരെ അനുസരിക്കുവിൻ. ലോകത്തിന്റെ വഴികളിൽ നടക്കരുത്. നേതൃത്വത്തിന്റെ മുന്നിൽ കീഴടങ്ങിയിരിക്കുകയും നിങ്ങളുടെ വിശ്വാസവും നല്ല മനസ്സാക്ഷിയും കാത്തുസൂക്ഷിക്കുകയും ചെയ്യുവിൻ. നിങ്ങൾ ദൈവത്തിന്റെ മുമ്പാകെയും നേതൃത്വത്തിന്റെ മുമ്പാകെയും വിശ്വസ്തരാണെങ്കിൽ, അവൻ നിങ്ങളിലൂടെ വൻകാര്യങ്ങളെ ചെയ്യും. അതിമഹത്തരമായ കാര്യങ്ങൾ ചെയ്യാൻ ദൈവം നിന്നെ ഉപയോഗിക്കും. എല്ലാ മഹത്വവും ബഹുമാനവും ഞാൻ ദൈവത്തിന്നു മാത്രം നൽകുന്നു.

*************

... 6-ാം പേജിന്റെ തുടർച്ച

## 6. നേരെ ഓടുവാൻ ശീലിക്കുവിൻ!



മാറിപ്പോകുവാനും അടുത്തേക്കു പോകുവാനുമുള്ളത് എപ്പോഴാണെന്ന് നാം പഠിക്കേണ്ടതായുണ്ട്. 48-ാം വാക്യത്തിൽ ഗോല്യാത്തിനെതിരെ പോരാടാൻ ദാവീദ് യുദ്ധക്കളത്തിലേക്ക് ഓടുന്നതായി നാം കാണുന്നു. മറ്റുള്ള എല്ലാവരും ഗോല്യാത്തിന്റെ അടുക്കൽനിന്ന് ഓടിപ്പോയപ്പോൾ ദാവീദ് ഗോല്യാത്തിന്റെ മുന്നിലേക്ക് ഓടിപ്പോയി. നിങ്ങളുടെ യുദ്ധങ്ങൾ തിരഞ്ഞെടുക്കുവാൻ പഠിക്കുക. നിരുത്സാഹപ്പെടുത്തുന്നതും, കുറ്റപ്പെടുത്തുന്നതും, നുണകൾ ചമയ്ക്കുന്നതും, അപമാനം ഉണ്ടാക്കുന്നതുമായ വാക്കുകളും ആരോപണങ്ങളും അവഗണിക്കുവാനും നിങ്ങളെ വിളിച്ചിരിക്കുന്ന വിളിയിൽ ശ്രദ്ധ കേന്ദ്രീകരിക്കുവാനും പഠിക്കുവിൻ. നിങ്ങളുടെ ജീവിതലക്ഷ്യം അറിയുകയും അതിലേക്ക് ഓടുകയും ചെയ്യുവിൻ. ഉപേക്ഷിക്കരുത്.

ചെറുപ്രായത്തിൽ തന്നെ ഏതൊക്കെ യുദ്ധങ്ങളാണ് തിരഞ്ഞെടുക്കേണ്ടത് എന്ന് ദാവീദിന് അറിയാമായിരുന്നു. ശത്രുക്കളുമായി മാത്രമല്ല, അടുത്ത കുടുംബാംഗങ്ങളുമായും യുദ്ധക്കളത്തിൽ തന്റെ ജീവിതകാലം മുഴുവനും ദവീദിന് തുടർച്ചയായി യുദ്ധം ചെയ്യേണ്ടിവന്നു.

## 7. നിങ്ങളുടെ യുദ്ധങ്ങൾ കർത്താവിന്റെ നേരെയാകുക!

2 ശമൂവേൽ 16 ൽ പ്രായമേറിയ, പക്വതയുള്ള, ക്ഷീണിതനായ ദാവീദിനെ നാം കാണുന്നു. തന്റെ രാജ്യം കൈയ്യേറിയ സ്വന്തം മകനായ അബ്ശാലോമിൽനിന്നും അവൻ ഓടിപ്പോകുകയാണ്. വിശ്രമിക്കാമെന്നും ആശ്വസിക്കാമെന്നും മക്കളിൽ ആശ്രയിക്കാമെന്നും കരുതിയിരുന്നപ്പോൾ സ്വന്തം ജീവൻ രക്ഷിക്കാനായി ഓടേണ്ടിവന്നു! ദാവീദ് ശാരീരികമായും മാനസികമായും വൈകാരികമായും തളർന്നുപോയിരുന്നു. ഈ സമയത്ത് ശൗലിന്റെ ബന്ധുവായ ശിമെയിയെ കണ്ടു



*ശിമെയി ദാവീദിനെ ശപിച്ചു*

മുട്ടുന്നു. അവൻ ദാവീദിനെതിരെ ശക്തമായി ആക്രോശിക്കുകയും ശപിക്കുകയും ചെയ്യുന്നു.

**രക്തപാതകാ, നീചാ, പോ, പോ. ശൗൽഗൃഹത്തിന്റെ രക്തം യഹോവ നിന്റെ മേൽ വരുത്തിയിരിക്കുന്നു; അവന്നു പകരമല്ലോ നീ രാജാവായതു; യഹോവ രാജത്വം നിന്റെ മകനായ അബ്ശാലോമിന്റെ കൈയ്യിൽ ഏല്പിച്ചിരിക്കുന്നു; നീ രക്തപാതകനായിരിക്കയാൽ ഇപ്പോൾ ഇതാ, നിന്റെ ദോഷത്തിന്റെ ഫലം നിനക്കു വന്നുഭവിച്ചിരിക്കുന്നു** (2ശമൂവേൽ 16:7,8).

യിസ്രായേൽ മക്കൾക്കും ശൗലിന്റെ കുടുംബത്തിനും വേണ്ടി ഇത്രയൊക്കെയും ചെയ്തിട്ട് ഇതു കേട്ടപ്പോൾ ദാവീദിന് എത്രമാത്രം വേദനിച്ചിട്ടുണ്ടെന്ന് നിങ്ങൾക്ക് ഊഹിക്കാൻ കഴിയുമോ? അവൻ കുലപാതകിയും രാജ്യദ്രോഹിയുമെന്ന് കുറ്റപ്പെടുത്തപ്പെട്ടു! ദാവീദ് അനുഭവിച്ച വേദന എത്രമാത്രമെന്ന് എനിക്കു ചിന്തിക്കാൻ കഴിയില്ല. ഇതു വായിക്കുമ്പോൾ നിങ്ങൾ ചിലപ്പോൾ ഇങ്ങനെ ചിന്തിക്കുന്നുണ്ടായിരിക്കാം. "ഇത് ഞാൻ എന്റെ ജീവിതത്തിൽ അനുഭവിച്ചതുപോലെ തോന്നുന്നു! ഞാൻ ഇതൊക്കെ ചെയ്തുകൊടുത്തിട്ടും എനിക്കു ലഭിച്ചത് അധിക്ഷേപങ്ങളും കുറ്റപ്പെടുത്തലുകളും മാത്രമാണ്. ഞാൻ തീർച്ചയായും ഇത് അർഹിക്കുന്നില്ല."

ദാവീദിന്റെ സ്ഥാനത്ത് മറ്റാരെങ്കിലുമായിരുന്നെങ്കിൽ, സ്വയം ന്യായീകരിച്ച് ശിമെയിയോട് ആക്രോശിക്കുകയോ പോരാടുകയോ ചെയ്യുമായിരുന്നു. ദാവീദിന്റെ ആളുകളിൽ ഒരാൾ **ഈ ചത്ത നായ് എന്റെ യജമാനനായ രാജാവിനെ ശപിക്കുന്നതു എന്തു? ഞാൻ ചെന്നു അവന്റെ തല വെട്ടിക്കളയട്ടെ എന്നു പറഞ്ഞു** (2ശമൂവേൽ 16:9). പക്ഷെ ദാവീദിന്റെ പ്രതികരണം ശ്രദ്ധിക്കുവിൻ. എന്നാൽ ദാവീദ് തന്റെ പ്രശ്നങ്ങളും വെല്ലുവിളികളും ദൈവവുമായി ബന്ധിപ്പിക്കുന്നു. ദാവീദ് പറയുന്നു: **അവനെ വിടുവിൻ, അവൻ ശപിക്കട്ടെ, ദൈവം അവനോടു കല്പിച്ചിരിക്കുന്നു, പക്ഷെ, ദൈവം എന്റെ സങ്കടം നോക്കി ഇന്നത്തെ ഇവന്റെ ശാപത്തിന്നു പകരം എനിക്കു അനുഗ്രഹം നൽകും** (2ശമൂവേൽ 17:11,12). താൻ അനുഭവിക്കുന്ന വേദനയ്ക്കു പകരമായി ദൈവം അവനെ അനുഗ്രഹിക്കും എന്നു ദാവീദ് പ്രഖ്യാപിക്കുകയാണ്. 11-ാം വാക്യത്തിൽ ഇത് പറയാൻ ദൈവം അവനെ അനുവദിച്ചിരിക്കുകയാണ് എന്നു ദാവീദ് പറയുകയാണ്. മറ്റൊരു തരത്തിൽ പറഞ്ഞാൽ ഇങ്ങനെ സംഭവിക്കുവാൻ ദൈവം അനുവദിച്ചിരിക്കുന്നു. ഈ ഉറപ്പ് നമുക്ക് ഉണ്ടായിരിക്കണം. "കർത്താവ് അനുവദിക്കാതെ എന്റെ ജീവിതത്തിൽ ഒന്നും സംഭവിക്കുകയില്ല, അവൻ അനുവദിച്ചിട്ടുണ്ടെങ്കിൽ അവസാനം ഒരു അനുഗ്രഹവും ഉണ്ടാകും".

പ്രീയ സ്നേഹിതരേ, കർത്താവിനുപോലും തന്റെ യുദ്ധങ്ങൾ തിരഞ്ഞെടുക്കേണ്ടിവന്നു. അവനെ ചോദ്യം ചെയ്ത സമയത്ത്, ഒരു പ്രാവശ്യം ഒഴികെ അവൻ നിശബ്ദനായിരുന്നുവെന്ന് വേദപുസ്തകം പഠിപ്പിക്കുന്നു. അതുപോലെ നിശബ്ദരായിരിക്കുവാൻ നാം പഠിക്കണം. നമ്മുടെ യുദ്ധങ്ങൾ പോരാടാൻ ദൈവത്തെ അനുവദിക്കുക. യുദ്ധങ്ങൾ തിരഞ്ഞെടുക്കുവാനുള്ള കൃപ ദൈവം നൽകുമാറാകട്ടെ!

*******


## അത്യാവശ്യം

നെഹെമ്യ ബൈബിൾ കോളേജിലേക്ക് 1000 ഹിന്ദി ബുക്കുകൾ ആവശ്യമുണ്ട്. വേദശാസ്ത്രപരമായ ഹിന്ദി പുസ്തകങ്ങൾ ശേഖരിക്കുവാനുള്ള വഴികൾ ദയവായി അറിയിക്കുവാൻ താല്പര്യപ്പെടുന്നു.

- Pr. S. Sam Selva Raj, Editor
+91-98412 71858

## ലൈബ്രറി ബുക്കുകൾ ആവശ്യമുണ്ട്

സെന്റ് പോൾസ് മെട്രിക്കുലേഷൻ സ്കൂൾ, നെഹെമ്യ ബൈബിൾ കോളേജ് ലൈബ്രറികളിലേക്ക് തമിഴ്, ഇംഗ്ലീഷ്, ഹിന്ദി എന്നീ ഭാഷകളിലുള്ള പുസ്തകങ്ങൾ ആവശ്യമുണ്ട്. പുതിയതോ പഴയതോ ആയ നല്ല പുസ്തകങ്ങൾ നിങ്ങളുടെ പക്കൽ ഉണ്ടെങ്കിലും സംഭാവന ചെയ്യാൻ തയ്യാറാണെങ്കിലും ഞങ്ങളുമായി ബന്ധപ്പെടുവിൻ.

- Pr. S. Sam Selva Raj, Editor
+91-98412 71858

RNI.No.55468/94, Postal Regn.No.TN/CH/(C)/199/21-23 WPP.No.TN/PMG(CCR)/WPP-221/21-23

## വിളിയുടെ പ്രതിധ്വനി

**യുട്യൂബ്**
**ദയവായി വരിക്കാരാകുക**

വിളിയുടെ പ്രതിധ്വനിയുടെ യുട്യൂബ് ചാനൽ കാണുകയും വരിക്കാരാകുകയും ചെയ്യുവിൻ - എഡിറ്റർ

## OUR BANK DETAILS:

### *1. Bank : State Bank of India*

| | |
|---|---|
| Branch | : Triplicane, Chennai-5 |
| Name | : S. Sam Selva Raj |
| A/C No. | : 1023 2934 679 |
| IFSC | : SBIN 00 00 249 |
| SWIFT CODE | : SBI NIN BB 455 |

### *2. Bank : ICICI Bank*

| | |
|---|---|
| Branch | : Anna Salai, Chennai-6 |
| Name | : Echo of His Call |
| A/C No. | : 6038 0502 2319 |
| IFSC | : ICIC 000 6038 |

### *3. Bank : State Bank of India*

(This Account is for Tax Exemption for Indians only )

| | |
|---|---|
| Branch | : Triplicane, Chennai-5 |
| Name | : Echo of His Call Educational Trust |
| A/C No. | : 1023 2923 805 |
| IFSC | : SBIN 00 00 249 |

Google Pay: 98410 71858
PayPal : SAM SELVA RAJ
*****
E.mail : sam@echoofhiscall.org

# വിളിയുടെ പ്രതിധ്വനി

**16 ഭാഷകളിലെ മാസിക, ബൈബിൾ കോളേജുകൾ, പോസ്റ്റൽ കോഴ്സുകൾ, സഭ സ്ഥാപിക്കുക, വില്ലേജ് ഇംഗ്ലീഷ് ഹൈസ്കൂൾ, സുവിശേഷ അച്ചടിശാല, ക്രൂസേഡുകൾ, സെമിനാറുകൾ, സാമൂഹ്യസേവനം മുതലായവ**

വാർഷിക വരിസംഖ്യ : 100/- രൂപ    ആയുഷ്കാല വരിസംഖ്യ : 2000/- രൂപ

നിങ്ങളെപ്പോലെയുള്ള ദൈവമക്കളുടെ സഹായവും ഉദാരമായ സംഭാവനയുമാണ് **വിളിയുടെ പ്രതിധ്വനി**യുടെ വൈവിധ്യമുള്ള പ്രവർത്തനങ്ങൾക്കു സഹായകമായിട്ടുള്ളത്. ദൈവം പ്രേരിപ്പിക്കുന്നതുപോലെ **വിളിയുടെ പ്രതിധ്വനി** പ്രവർത്തനങ്ങളെ സഹായിക്കുവിൻ. സുവിശേഷം ഇതുവരെയും എത്തിച്ചേരാത്ത സ്ഥലങ്ങളിൽ സുവിശേഷം എത്തിക്കുവാനും സഭകൾ സ്ഥാപിക്കുവാനും നിങ്ങളുടെ സഹായം ആവശ്യമാണ്.

**വിളിയുടെ പ്രതിധ്വനി** മാസിക തുടർച്ചയായി ലഭിക്കണമെങ്കിൽ ഞങ്ങൾക്ക് എഴുതുവിൻ. നിങ്ങളുടെ വിലാസം മാറുമ്പോൾ പഴയതും പുതിയതുമായ വിലാസങ്ങളും ഇമെയിൽ അഡ്രസും അറിയിക്കുവിൻ.

ഞങ്ങളുടെ വെബ്സൈറ്റിൽ 16 ഭാഷകളിലെ മാസികകളും ലഭ്യമാണ്. വെബ്സൈറ്റിൽ കയറി നിങ്ങൾക്ക് അത് വായിക്കുകയും ഡൗൺലോഡ് ചെയ്യുകയും ചെയ്യാവുന്നതാണ്.

നിങ്ങളുടെ കത്തുകൾ, പ്രാർത്ഥനാ ആവശ്യങ്ങൾ, സാമ്പത്തിക സഹായം **ഡിമാന്റ് ഡ്രാഫ്റ്റ്, ചെക്ക്, മണി ഓർഡർ, പെ പാൽ (Sam Selva Raj, sam@echoofhiscall.org), നെഫ്റ്റ്, ഫോൺ പെ (9841071858) , ഗൂഗിൾ പെ (9841071858), വെസ്റ്റേൺ യൂണിയൻ മണിഗ്രാം** തുടങ്ങിയവയിലൂടെ താഴെ കാണുന്ന വിലാസത്തിൽ ദയവായി അയക്കുവിൻ.

നിങ്ങളുടെ ഫോൺ/മൊബൈൽ നമ്പർ, ഇമെയിൽ അഡ്രസ് തുടങ്ങിയവ അയച്ചുതരിക.

**ECHO OF HIS CALL**
10, MOHAMMED ABDULLAH 2nd STREET, CHEPAUK
CHENNAI - 600 005, INDIA
PH : (+91-44) 2852 8282, 2852 9293, 2854 7766
CELL : (+91) 98410 71852, 95661 31858
E-mails : sam@echoofhiscall.org / biblecor@yahoo.co.in
Websites : www.echoofhiscall.org / www.stpaulsmatriculation.com

**YOU CAN SEND YOUR DONATION ONLINE ALSO**

Regd. with the RNI under No. 55468/94
Licenced to post without pre-payment
Postal Regn. No. TN/CH (C) /199/21-23
Licence No. WPP. No. TN/PMG(CCR)/WPP-221/21-23
Date of Publication: First week of every month
Date of Posting : 3rd & 4th of every month Posted at "Egmore RMS / 1 Patrika Channel"
on 4th NOVEMBER, 2023.
If un-delivered please return to:
ECHO OF HIS CALL (MALAYALAM)
P.O. Box No. 2957, Chepauk, Chennai - 600 005, INDIA.
Phone: (+ 91- 44) 2852 8282, 2852 9293, 2854 7766

*JESUS LOVES YOU!*

To

*GOD BLESS YOU!*

Owned and published by **S. Sam Selva Raj** from New No. 8 & 10, Old No.18 & 19, Mohammed Abdullah 2nd Street, Chepauk, Chennai-600 005 and printed by **S. Sam Selva Raj** at **Echo of His Call Printers,** New No. 8 & 10, Old No.18 & 19, Mohammed Abdullah 2nd Street, Chepauk, Chennai-600 005. Editor: **S. Sam Selva Raj.**